**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5537** **13-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളെ സ്വയംപര്യാപ്തമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് മഹാമാരി മൂലം വിവിധ ദേവസ്വം ബോർഡുകൾക്കും ആരാധനാലയങ്ങൾക്കും സാമ്പത്തിക പ്രതിസന്ധി ഉണ്ടായതും സർക്കാർ സഹായം കൊണ്ടുമാത്രം ജീവനക്കാർക്ക് ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും , 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു) കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 49.12 കോടി കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കി; | (ബി) | ഉണ്ട്. കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും , 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു) കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 49.12 കോടി കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം |
| (സി) | പ്രസ്തുത പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി ബോർഡുകളുടെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി പുതിയ മാർഗ്ഗങ്ങളവലംബിച്ച് വരുമാനം ഉറപ്പാക്കി ഇവയെ | (സി) | ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി |

| | | | |
|---|---|---|---|
| | സ്വയംപര്യാപ്തമാക്കാമെന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോ; | | 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി വിവാദങ്ങൾക്കിടവരുത്താത്തവിധം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇതിനായി ദേവസ്വങ്ങളും സർക്കാരും എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി വിവാദങ്ങൾക്കിടവരുത്താത്തവിധം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ